പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 218 | 19.03.2015 ൽ മറുപടിക്ക് |
|---|---|

സുരക്ഷിത ഭക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>" ഷാഫി പറമ്പിൽ<br>" ഹൈബി ഈഡൻ<br>" സണ്ണി ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; | എ) | വിദ്യാർത്ഥികൾക്ക്, സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകത മുൻനിർത്തി, "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" എന്ന പേരിൽ ഒരു ബോധവത്ക്കരണ പരിപാടി ഇതിനോടകം വിഭാവനം ചെയ്ത് നടപ്പിലാക്കി യിട്ടുണ്ട്. കൃത്രിമ കളറുകൾ, ട്രാൻസ്ഫാറ്റി ആസിഡ്, ജംഗ്ഫുഡുകൾ എന്നിവയുടെ ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആയതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയമായ ബോധവത്ക്കരണമാണ് ടി പദ്ധതിയിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിലേക്കായി ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട പത്തു സ്കൂളുകളിലെ 9,11 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക്, മറ്റുകുട്ടികളെ ബോധവത്ക്കരിക്കുന്നതിനുള്ള Training of Trainers (TOT) എന്ന പരിശീലനമാണ് ഇതിലൂടെ നടപ്പിലാക്കുന്നത്.ഇതിനകം 1400 വിദ്യാർത്ഥികൾ പ്രസ്തുത പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തി, മറ്റ് വിദ്യാർത്ഥികൾക്കും, ടി വിഷയങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണം വരും വർഷങ്ങളിലും നടത്തുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഫുഡ് സേഫ്റ്റി ക്ലബുകൾ ആരംഭിച്ച് സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' പദ്ധതിയുടെ ഭാഗമായി, വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന്, സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബുകളും ആഴ്ചയിലൊരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലിയും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | സുരക്ഷിത ഭക്ഷണം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ? | സി) | പാഠ്യപദ്ധതിയിൽ, 'സുരക്ഷിതഭക്ഷണം' എന്ന വിഷയം ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ ഇതിനകം നടപടി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തും ടി വിഷയം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ